പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2174 **27-10-2026-ൽ മറുപടിയ്ക്ക്**

തൊഴിൽ തട്ടിപ്പുകാരെ കർശനമായി നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങൾ രൂപീകരിക്കുവാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മനോജ് മൂത്തേടൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) വിദേശ രാജ്യങ്ങളിലേക്ക് തൊഴിലും പഠനവും വാഗ്ദാനം ചെയ്ത് തൊഴിലന്വേഷകരിൽ നിന്നും ലക്ഷങ്ങൾ വാങ്ങി തട്ടിപ്പ് നടത്തുന്ന വ്യക്തികളും ഏജൻസികളും സംസ്ഥാനത്ത് വർധിക്കുന്നതും ഇത്തരം തട്ടിപ്പിന് ഇരയായവർ പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കുമ്പോൾ സാമ്പത്തിക ക്രമക്കേടിൽ ഉടൻ നടപടികൾ സ്വീകരിക്കുവാൻ പോലീസ് വൈമുഖ്യം കാണിക്കുന്നതായുള്ള ആക്ഷേപവും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത്തരം തൊഴിൽ തട്ടിപ്പുകാരെ കർശനമായി നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങളിൽ ഇടപെട്ട് വേഗത്തിൽ പരിഹാരം ഉറപ്പാക്കുന്നതിനായി പോലീസ് ആസ്ഥാനത്ത് എൻ.ആർ.ഐ. സെൽ പ്രവർത്തിച്ചു വരുന്നു. സംസ്ഥാന സർക്കാർ, സംസ്ഥാന പോലീസ് മേധാവി, നോർക്ക റൂട്ട്സ്, പരാതിക്കാർ എന്നിവർ മുഖേന ലഭിക്കുന്ന പരാതികൾ പരിശോധിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നു. വിദേശത്ത് ഏജൻസികളുടെ തട്ടിപ്പിൽപ്പെട്ട് കുടുങ്ങിയവർ, വിദേശത്ത് മരണപ്പെട്ടവർ തുടങ്ങിയവരുമായി ബന്ധപ്പെട്ട അടിയന്തര പരാതികളിൽ സംസ്ഥാന സർക്കാർ മുഖേന വിദേശകാര്യ മന്ത്രാലയം, എംബസികൾ, ഹൈക്കമ്മീഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട് സത്വര ഇടപെടലുകളും നടത്തിവരുന്നു.

തിരുവനന്തപുരം പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന എൻ.ആർ.ഐ. സെല്ലിൽ പ്രവാസികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും നേരിട്ടോ ഇ-മെയിൽ മുഖേനയോ പരാതി സമർപ്പിക്കാവുന്നതാണ്. ഇതിനായി 0471-2721547, 0471-2729685 0471-2724890, 0471-2722768 എന്നീ ഹെൽപ് ലൈൻ നമ്പറുകൾ 24 മണിക്കൂറും ലഭ്യമാണ്. കൂടാതെ spnri.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലൂടെയും പരാതി കൾ സമർപ്പിക്കാം. ലഭിക്കുന്ന പരാതികൾ വിശദമായി പരിശോധിച്ച് തുടർ നടപടികൾക്കായി ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിമാർക്ക് കൈമാറുന്നു. ആവശ്യമായ സാഹചര്യങ്ങളിൽ ഇത്തരം പരാതികളിൽ Emigration Act, 1983, ഭാരതീയ ന്യായസംഹിതയിലെയും (BNS) കർശന വകുപ്പുകൾ ചുമത്തിയാണ് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ